മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം
തിരുവനന്തപുരം

**കേരള സർക്കാർ**

നം.ബി 2/4500/ 2011/ഡി.എം.ഇ                                                                 തീയതി 21-06-2011

## <u>വിജ്ഞാപനം</u>

2011..ലെ മെഡിക്കൽ പി.ജി. കോഴ്സിൽ ഒഴിവുള്ള/ഒഴിവുവരാൻ സാധ്യതയുള്ള സ്വാശ്രയ കോളേജുകളിലേതുൾപ്പെടെയുള്ള സീററുകളിലേയ്ക്കുള്ള ജനറൽ മെറിററ് / എസ് സി / എസ് ററി/ മററു സംവരണ വിഭാഗങ്ങളിലേയ്ക്കുള്ള അവസാന ഘട്ട കൗൺസലിംഗ് **<u>2011 ജൂൺ മാസം 28</u>**<u>-ാം തീയതി രാവിലെ</u> **<u>09.30</u>** <u>മണിക്ക്</u> തിരുവനന്തപുരം മെഡിക്കൽ കോളേജ് ആഡിറേറാറിയത്തിൽ(old) വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവർക്കും ഈ കൗൺസലിംഗിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ ആദ്യ ഘട്ട കൗൺസലിംഗിന്റെ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടും കൗൺസലിംഗിൽ പങ്കെടുക്കാത്തവരെയും, ആദ്യം അനുവദിച്ച കോഴ്സിൽ പ്രവേശനം എടുക്കാത്തവരെയും, കോഴ്സിൽ ചേർന്ന ശേഷം വിട്ടിട്ട് പോയവരെയും ഈ കൗൺസലിംഗിലേയ്ക്ക് പരിഗണിക്കുന്നതല്ല. ആദ്യ ഘട്ട കൗൺസലിംഗിൽ, എടുത്ത കോഴ്സിൽ തന്നെ തുടരുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഈ കൗൺസലിംഗിൽ പങ്കെടുക്കേണ്ടതില്ല. ഒഴിവുള്ള സീററുകളുടെ വിവരം **<u>ജൂൺ മാസം 26</u>**<u>-ാം തീയതിക്ക്</u> ശേഷം **“www.dme.kerala.gov.in”** എന്ന വെബ് സൈററിൽ ലഭ്യമായിരിക്കും. കൗൺസലിംഗിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ, മേൽപ്പറഞ്ഞ വെബ് സൈററിൽ നിന്നും ഓപ്ഷൻ ഫാറത്തിന്റെ നിർദ്ദിഷ്ട രൂപം ഡൗൺലോഡ് ചെയ്ത് എടുക്കേണ്ടതാണ്. വിദ്യാർത്ഥികൾ പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡും സർട്ടിഫിക്കറ്റുകളുടെ അസ്സലും ഹാജരാക്കേണ്ടതാണ്. എന്നാൽ ആൾ ഇൻഡ്യ/ സ്റ്റേററ് ക്വാട്ടയിൽ ഇതിനോടകം തന്നെ കേരളത്തിൽ അഡ്മിഷൻ ലഭിച്ച വിദ്യാർഥികൾ, അസ്സൽ സർട്ടിഫിക്കറ്റുകൾക്ക് പകരമായി, തങ്ങൾക്ക് ലഭിച്ച അഡ്മിഷന്റെ രേഖകൾ ഹാജരാക്കിയാൽ മതിയാകും.

ഹയർ ഓപ്ഷനിൽ സെലക്ഷൻ ലഭിക്കുന്നതനുസരിച്ച് ഉണ്ടാകുന്ന ഒഴിവുകളിലേക്കും ടി ദിവസങ്ങളിൽ അലോട്ട്മെന്റ് നൽകുന്നതായിരിക്കും. സംവരണ വിഭാഗങ്ങളിലെ റാങ്ക് ലിസ്റ്റിലെ എല്ലാ വിദ്യാർഥികളെയും പരിഗണിച്ച ശേഷവും സീററു ഒഴിവു വരുന്ന സാഹചര്യത്തിൽ ആ സീററുകൾ ജനറൽ മെറിററ് വിദ്യാർഥികൾക്ക് അലോട്ട് ചെയ്യുന്നതായിരിക്കും. ആകയാൽ ഈ സീററുകൾ താൽപര്യമുള്ള വിദ്യാർഥികൾ എല്ലാ അലോട്ട്മെന്റും തീരുന്നതു വരെ അലോട്ട്മെന്റ് കേന്ദ്രത്തിൽ തന്നെ ഉണ്ടായിരിക്കേണ്ടതാണ്.

റാങ്കിന്റെ അടിസ്ഥാനത്തിലും, സീറ്റുകളുടെ ലഭ്യത അനുസരിച്ചും അലോട്ട്മെന്റ് ലഭിക്കുന്നതാണ്. **ജൂൺ 28**-ാം തീയതി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത ദിവസം തന്നെ അലോട്ട്മെന്റ് കേന്ദ്രത്തിൽ വച്ചു അഡ്മിഷൻ എടുക്കേണ്ടതാണ്. അന്നേ ദിവസം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രോസ്പെക്ടസ്സ് പ്രകാരമുള്ള എല്ലാ ഫീസും അലോട്ട്മെന്റ് കേന്ദ്രത്തിൽ അടയ്ക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രോസ്പെക്ടസ്സ് പ്രകാരമുള്ള ബോണ്ടും അഡ്മിഷൻ നടത്തുന്ന ദിവസം തന്നെ നിശ്ചയമായും സമർപ്പിക്കേണ്ടതാണ്.

സ്വാശ്രയ കോളേജുകളിലെ സീററുകളിലേയ്ക്കുള്ള അലോട്ട്മെന്റ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവുകൾക്ക്/നിർദ്ദേശങ്ങൾക്ക് വിധേയമായിരിക്കും. സ്വാശ്രയ കോളേജുകളിലേയ്ക്ക് ഗവണ്മെന്റ് ഉത്തരവു പ്രകാരമുള്ള ഫീസായിരിക്കും ഈടാക്കുന്നത്. അവസാന ഘട്ട അലോട്ട്മെന്റിനുശേഷം (28.06.2011 നുശേഷം) ഒഴിവുള്ള സീററുകളിലേയ്ക്ക് സ്വാശ്രയ മാനേജ്മെന്റുകൾക്ക് സ്വന്തം നിലയിൽ അഡ്മിഷൻ നടത്താവുന്നതാണ്.

അവസാന ഘട്ട അലോട്ട്മെന്റിനു ശേഷം കോഴ്സ് വിട്ടിട്ട് പോകുന്നവർ പ്രോസ്പെക്ടസ്സ് പ്രകാരമുള്ള നഷ്ടപരിഹാര തുക അടക്കേണ്ടതാണ്. നേരത്തെ എടുത്ത കോഴ്സ് ഉപേക്ഷിക്കുവാൻ താൽപര്യപ്പെടുന്ന വിദ്യാർത്ഥികൾ അവസാന ഘട്ട അലോട്ട്മെന്റിനു മുമ്പായി പ്രസ്തുത കോഴ്സിൽ നിന്നും വിടുതൽ നേടാത്ത പക്ഷം പ്രോസ്പെക്ടസ്സ് പ്രകാരമുള്ള നഷ്ടപരിഹാര തുക ഈടാക്കുന്നതാണ്.

ക്ലാസ്സുകൾ 2011 ജൂലായ് മാസം ഒന്നാം തീയതി ആരംഭിക്കുന്നതാണ്.

ഒപ്പ്
മെഡിക്കൽ വിദ്യാഭ്യാസ *ഡയറക്ടർ*